സാംസ്കാരിക പരിപാടികൾ

63 [3789] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസ്റ്റ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചറിയിക്കത്തക്ക വിധത്തിലുള്ള ഏതെങ്കിലും സാംസ്കാരിക പരിപാടികൾ ആവിഷ്ക്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ ഇത്തരം പരിപാടിയെക്കുറിച്ച് ചിന്തിക്കുമോ?

ഉത്തരം

(എ—സി) സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ ഓണ തോത്സവം എന്ന പേരിൽ ബൃഹത്തായ ഒരു പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനലക്ഷ്യങ്ങൾ

64 [3790] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസ്റ്റ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രവർത്തന ലക്ഷ്യങ്ങൾ സഫലമാക്കാൻ അക്കാദമി ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരത്ത് നടന്നുവരാറുള്ള അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ എത്ര വിദേശരാജ്യങ്ങളിൽ നിന്നും പ്രതിനിധികളും ചിത്രങ്ങളും പങ്കാളികളാകുന്നു;

(ഡി) അക്കാദമി ഭാരവാഹികൾക്ക് പങ്കാളിത്തമുള്ള ചിത്രങ്ങൾ മത്സരത്തിനുള്ള എൻട്രികളായി പരിഗണിക്കുമ്പോൾ നിഷ്പക്ഷ മൂല്യനിർണ്ണയത്തിനായി എന്തെല്ലാം മുൻകരുതലുകളാണെടുക്കുക എന്നറിയിക്കാമോ;

(ഇ) നിലവാരമുള്ള മലയാള ചലച്ചിത്രങ്ങൾ അന്യഭാഷകളിലേക്കും/രാജ്യങ്ങളിലേക്കും ആസ്വാദനക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കുമോ;

(എഫ്) വിവിധ അന്താരാഷ്ട്ര ചലച്ചിത്ര ഉത്സവങ്ങളിൽ സമ്മാനം ലഭിക്കുന്ന ചിത്രങ്ങൾ ചലച്ചിത്രമേളയ്ക്കു ശേഷവും ജനങ്ങൾക്ക് കാണാനുള്ള അവസരം ഒരുക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly